"ഭരണഭാഷ-മാതൃഭാഷ"

വിവരാവകാശ നിയമം-2005/രജിസ്റ്റേർഡ്

കേരള സർക്കാർ

നം.2439628/എ 2/2018/സാ.നീ.വ.

സാമൂഹ്യനീതി (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 21.04.2018.

005761

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി.

സ്വീകർത്താവ്

ശ്രീ. ശരത് കമാർ.എസ്,
ചക്കാലവിളയിൽ,
കൊട്ടമൺ പി.ഒ, രണ്ടാംകുറ്റി
പത്തനംതിട്ട – 691 555.

27 APR 2018

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം-2005 – വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ വകുപ്പിൽ 19.04.2018 ൽ ലഭിച്ച താങ്കളുടെ 13.04.2018 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

C2

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ ഈ പൊതു അധികാരിയുടെ പക്കൽ ലഭ്യമല്ല. ആയവ ലഭ്യമാണെങ്കിൽ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി വിവരാവകാശ നിയമം-2005 ലെ ചട്ടം 6(3)പ്രകാരം താങ്കളുടെ അപേക്ഷ (അസ്സൽ) സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് കൈമാറി നൽകിയിട്ടുണ്ടെന്ന വിവരം അറിയിയ്ക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ലെങ്കിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം താങ്കൾക്ക് ഈ വകുപ്പിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ വിലാസം ചുവടെ ചേർക്കുന്നു.

ശ്രീമതി. ലീലാമണി. കെ.എം. ,
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. (ഫോൺ നമ്പർ 0471-2518373).

വിശ്വസ്തതയോടെ,

ബിന്ദു.കെ.കെ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ആഫീസർ & ഡെപ്യൂട്ടി സെക്രട്ടറി.
ഫോൺ നമ്പർ: 0471-2518098

പകർപ്പ്: സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം (സൂചനയിലെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് നേരിട്ട് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നൽകുന്നതിനായി അപേക്ഷയുടെ അസ്സൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

RG 078724218IN
18.4.18

2439628

COURT FEE
20 Rs.
भारत INDIA
बीस रुपये
TWENTY RUPEES

## വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സ്വീകർത്താവ് :- സംസ്ഥാന പൊതുവിവരാവകാശ ഓഫീസർ
Social Justice Department
Secretariat - Tvm - 695001

19 APR 2018

1 . അപേക്ഷകന്റെ മുഴുവൻ പേര് : ശരത് കുമാർ എസ്
2 .മേൽവിലാസം : ചക്കാലവിളയിൽ
കൊടുമൺ പി ഓ
രണ്ടാംകുറ്റി
പത്തനംതിട്ട ജില്ല -691555
ഫോൺ : 9495291614

3 . ആവശ്യപ്പെടുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ :

**സൂചന : ടി ഡിപ്പാർട്മെന്റിന് കീഴിലുള്ള, പത്തനംതിട്ട ജില്ലയിൽ നിന്നും നിയമനം നടത്തുന്ന എല്ലാ ഓഫീസുകളിലെയും എൽ ഡി ക്ലർക്കു തസ്തികയെ സംബന്ധിച്ച്**

**ചോദ്യം 1** : പത്തനംതിട്ട ജില്ലയിൽ 31-03-2018 മുതൽ 30 -06 -2018 വരെയുള്ള കാലയളവിൽ ടി വകുപ്പിന്റെ അധീനതയിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ എൽ .ഡി സി തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ (വിരമിക്കൽ , സ്ഥാനക്കയറ്റം ,തസ്തികമാറ്റം തുടങ്ങി എല്ലാത്തരം ഒഴിവുകളും ഉൾപ്പെടെ ) എത്രയുണ്ട്?

**ചോദ്യം 1 A:** ചോദ്യം 1 പ്രകാരം നിലവിലുള്ളതും/ ഇനി നിലവിൽ വരാനിടയുള്ളതുമായിട്ടുള്ള ഒഴിവുകൾ ടി ഡിപ്പാർട്മെന്റ് നു കീഴിൽ പ്രവർത്തിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളിൽ / ഓഫീസുകളിൽ ആണ് ഉണ്ടായിട്ടുള്ളതെന്ന് നിലവിൽ വരുന്ന തീയതി ഉൾപ്പെടെ അതാത് ഓഫീസുകളുടെ മേൽവിലാസം സഹിതം ഒഴിവുകളുടെ എണ്ണം പട്ടികപ്പെടുത്തുക?

**ചോദ്യം 1 B** . ചോദ്യം 1 പ്രകാരം നിലവിൽ വരുന്ന ഒഴിവുകളിൽ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത തരത്തിൽ ഒഴിവുകൾ മാറ്റിവെക്കുന്നുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡവും,അത്തരം ഒഴിവുകളുടെ സ്വഭാവവും,അവ നിലവിൽ വരുന്ന സ്ഥാപനത്തിന്റെ മേൽവിലാസവും , ഒഴിവുകളുടെ എണ്ണവും ഉൾപ്പെടെ പട്ടികപ്പെടുത്തുക?

**ചോദ്യം 2** : 31 -03 -2018 മുതൽ ടി അപേക്ഷക്ക് മറുപടി തരുന്ന തീയതി വരെ പത്തനംതിട്ട ജില്ലയിൽ നിന്നും എൽ ഡി സി തസ്തികയിലേക്ക് ടി ഡിപ്പാർട്മെന്റിനിൽ നിന്നും എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ? നിയമനം നടത്തുന്ന തരത്തിലുള്ള എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ഒഴിവുകൾ നിലവിൽ ഉള്ള സ്ഥാപനത്തിന്റെ പേരും മേൽവിലാസവും സഹിതം പട്ടികപ്പെടുത്തുക?

**ചോദ്യം 2 A:** അത്തരത്തിൽ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടെങ്കിൽ ,അത്തരം ഒഴിവുകളുടെ എണ്ണവും സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും പട്ടികപ്പെടുത്തുക ?

**ചോദ്യം 2 B** : ചോദ്യം 2 പ്രകാരം നിലവിൽ വരുന്ന ഒഴിവുകളിൽ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത തരത്തിൽ ഒഴിവുകൾ മാറ്റിവെക്കുന്നുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡവും,അത്തരം ഒഴിവുകളുടെ സ്വഭാവവും,അവ നിലവിൽ വരുന്ന സ്ഥാപനത്തിന്റെ മേൽവിലാസവും , ഒഴിവുകളുടെ എണ്ണവും ഉൾപ്പെടെ പട്ടികപ്പെടുത്തുക?

**ചോദ്യം 3** :ടി വകുപ്പിന് കീഴിൽ എൽ ഡി സി തസ്തികയിൽ ചോദ്യം 1 , ചോദ്യം 2 പ്രകാരമല്ലാതെ മുൻപ് നിലനിൽക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ അവയുടെ കൃത്യമായ എണ്ണവും , അവ പി എസ് സി --

യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണവും അവ നിലനിൽക്കുന്ന സ്ഥാപനങ്ങളുടെ / ഓഫീസുകളുടെ മേൽവിലാസവും ഉൾപ്പെടെ ഒഴിവുകളുടെ എണ്ണം പട്ടികപ്പെടുത്തുക .?

**ചോദ്യം 4**:ടി വകുപ്പിന് കീഴിൽ എൽ ഡി സി തസ്തികയിലുള്ള ഒഴിവുകളിൽ പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നവയും നിലനിർത്തുന്നവയും തമ്മിൽ തരംതിരിവുണ്ടെങ്കിൽ അത് വ്യക്തമാക്കുക ?(സൂചന : ആശ്രിത നിയമനം പോലെ എന്തെങ്കിലും മാനദണ്ഡപ്രകാരം ഒഴിവ് നിലനിർത്തുന്നുണ്ടെങ്കിൽ അത് ഉദ്ദേശം )

**ചോദ്യം 4 A** : ടി വകുപ്പിന് കീഴിൽ എൽ ഡി സി തസ്തികയിലുള്ള ഒഴിവുകൾ ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്യാതെ നിലനിർത്തുന്നത് ? എത്ര ശതമാനം ഒഴിവുകൾ ഇത്തരത്തിൽ നിലനിർത്തുവാൻ ചട്ടപ്രകാരം സാധിക്കും ?

**ചോദ്യം 4 B**:ടി വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ എൽ ഡി സി തസ്തികയിൽ എല്ലാ ഓഫീസുകളിലും / സ്ഥാപനങ്ങളിലും താൽക്കാലിക / ദിവസവേതന / കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ട് ? അവർ ജോലി ചെയ്യുന്ന ഓഫീസ് മേൽവിലാസം സഹിതം പട്ടികപ്പെടുത്തുക ?

**ചോദ്യം 4 C**: ചോദ്യം 4 B പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർ എത്ര ? അല്ലാത്തവർ എത്ര ?

**ചോദ്യം 5**: പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ടി വകുപ്പിലെ എൽ ഡി സി തസ്തികയിലേക്ക് അവസാനമായി പിഎസ് സി വഴി നിയമനം നടന്ന തീയതി എന്ന് ?

**ചോദ്യം 5 A**:പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ടി വകുപ്പിലെ എൽ ഡി സി തസ്തികയിലേക്ക് അവസാനമായി ആശ്രിത നിയമനം നടന്നതെന്ന് ? എത്ര നിയമനം ?

**ചോദ്യം 5B**:പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ടി വകുപ്പിലെ എൽ ഡി സി തസ്തികയിലേക്ക് അവസാനമായി താൽക്കാലിക / ദിവസവേതന/ കരാർ ജീവനക്കാരെ നിയമിച്ചതെന്ന് ? എത്ര നിയമനം ?

**ചോദ്യം 5C**:പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ടി വകുപ്പിലെ എൽ ഡി സി തസ്തികയിലേക്ക്മറ്റേതെങ്കിലും തരത്തിൽ സ്ഥിര / താത്കാലിക നിയമനം നടന്നിട്ടുണ്ടെങ്കിൽ എത്ര നിയമനം (2015 ജനുവരി 1 മുതൽ 2018 മാർച്ച് 31 വരെ)? ഏത് മാനദണ്ഡപ്രകാരം ?

**ചോദ്യം 5D**: പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട ടി വകുപ്പിലെ എൽ ഡി സി തസ്തികയിലേക്ക് 2015 ജനുവരി മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ നിലവിൽ വന്ന ഒഴിവുകളുടെ എണ്ണം എത്ര ? അതിൽ എത്ര ഒഴിവുകളാണ് ആശ്രിത നിയമനം വഴി നികത്തിയത് ?

**ചോദ്യം 6**:ടി വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ ഒഴിവുകൾ യഥാ സമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന വകുപ്പുതല നടപടികൾ എന്തൊക്കെയാണ് ?

**ചോദ്യം 6A**:ചോദ്യം ( 6 ) പ്രകാരം ഒഴിവുകൾ യഥാ സമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് പേരും , സ്ഥാനവും (Designation) ജോലി ചെയ്യുന്ന ഓഫീസിന്റെ മേൽവിലാസവും സഹിതം പട്ടികപ്പെടുത്തുക ?.

4. വിവരങ്ങളുമായി ബന്ധപ്പെട്ട വർഷം : 2015-2018

5 .മറ്റ് പ്രസക്തമായ പരാമർശങ്ങൾ ഉണ്ടെങ്കിൽ അവ : ഇല്ല

സ്ഥലം :- കൊടുമൺ

തീയതി :- 13-04-2018

Sarath

അപേക്ഷകന്റെ ഒപ്പ്

2 of 2